"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്ത ശാസ്താംകോട്ട വില്ലേജിൽ ബ്ലോക്ക് 14 ൽ സർവ്വെ 102/4, 102/12 എന്നിവയിൽപ്പെട്ട 28.30 ആർസ് ഭൂമി ശ്രീ. റാം മനോജിന് തിരികെ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.158/2025/RD തീയതി,തിരുവനന്തപുരം, 04-06-2025

---

| | | |
|---|---|---|
| പരാമർശം:- | 1 | 29.03.2021 ലെ അസിസ്റ്റന്റ് കമ്മീഷണർ (വർക്സ് കോൺട്രാക്ട്) കൊല്ലത്തിന്റെ 32021682502/14-15 നമ്പർ കത്ത് |
| | 2 | കൊല്ലം അസിസ്റ്റന്റ് കമ്മീഷണറുടെ (വർക്സ് കോൺട്രാക്ട്) 29.03.2021-ലെ 32021682502/14-15 നമ്പർ കത്ത് |
| | 3 | ശ്രീ. റാം മനോജിന്റെ 14.08.2023ലെ അപേക്ഷ. |
| | 4 | കൊല്ലം ജില്ലാ കളക്ടറുടെ 25.01.2024, 07.08.2024ലെ DCKLM/11251/2023-R6 നമ്പർ കത്ത്. |

**ഉത്തരവ്**

വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിന്റെ ഭാഗമായി ശ്രീ. റാം മനോജ്, നീലാഭവനം എന്ന കക്ഷിയുടെ പേരിലുള്ള ശാസ്താംകോട്ട വില്ലേജിൽ ബ്ലോക്ക് 14-ൽ സർവ്വെ 102/4 ൽ പെട്ട 19.80 ആർസ്, സർവ്വെ 102/12-ൽ പെട്ട 8.50 ആർസ് എന്നിവ ഉൾപ്പെടെ ആകെ 28.30 ആർസ് ഭൂമി ജപ്തി ചെയ്യുകയും ലേലം കൊള്ളാൻ ആളില്ലാതിരുന്നതിൽ ബോട്ട്-ഇൻ-ലാൻഡായി സർക്കാർ ഏറ്റെടുക്കുകയും പ്രസ്തുത ലേല നടപടി കൊല്ലം സബ് കളക്ടർ 10.03.2020 - ൽ സ്ഥിരീകരികരിക്കുകയും ചെയ്തിരുന്നു. ആംനെസ്റ്റി പദ്ധതി പ്രകാരം കുടിശ്ശികകൾ അടച്ച് തീർപ്പാക്കിയിട്ടുള്ളതാണെന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കിയ ഭൂമി തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. റാം മനോജ് പരാമർശം(3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

(2) തുടർന്ന് ശ്രീ. റാം മനോജിന്റെ പേരിൽ നിലവിലുണ്ടായിരുന്ന 7 വിൽപന നികുതി കുടിശ്ശിക കേസുകളും 2020-ലെ നികുതി കുടിശ്ശിക ഇളവ് പദ്ധതിയിൽ ഉൾപ്പെടുത്തി നികുതിയുടെ 40% ഒറ്റത്തവണയായി 24.02.2021-ൽ ഒടുക്കി തീർപ്പാക്കിയിട്ടുണ്ടെന്നും കൂടാതെ ഡിമാൻഡ് നോട്ടീസ് ഫീസ് ഇനത്തിൽ 1700/- രൂപ കക്ഷി ഒടുക്ക് വരുത്തിയിട്ടുണ്ടെന്നും തുടർന്ന് റവന്യൂ റിക്കവറി അർത്ഥനകൾ പിൻവലിച്ചുകൊണ്ട് പരാമർശം (2) പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും നിലവിൽ ടിയാന്റെ പേരിൽ കുടിശ്ശികകൾ ഒന്നും ഇല്ലായെന്നും കുടിശ്ശികകൾ

അടച്ച് തീർപ്പാക്കിയതിനാലാണ് ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കിയ ഭൂമി തിരികെ നൽകണമെന്ന് കാണിച്ച് ടിയാൻ പരാമർശം(3) അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും കൊല്ലം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-ലെ ആംനസ്റ്റി സ്കീം മുഖേന ശ്രീ. റാം മനോജ് വിൽപന നികുതി കുടിശ്ശിക അടച്ചു തീർപ്പാക്കിയിട്ടുള്ളതിനാലും ലേല സ്ഥിരീകരണ തിയതി മുതൽ 5 വർഷ സമയപരിധിക്കുള്ളിൽ ബോട്ട്-ഇൻ-ലാൻഡ് ഭൂമി തിരികെ നൽകണമെന്ന അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാലും, സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കിയ ശാസ്താംകോട്ട വില്ലേജിൽ, ബ്ലോക്ക് 14-ൽ, സർവ്വെ 102/4 ൽപ്പെട്ട 19.80 ആർസ്, സർവ്വെ 102/12-ൽപ്പെട്ട 8.50 ആർസ് ഉൾപ്പെടെ ആകെ 28.30 ആർസ് ഭൂമി ശ്രീ. റാം മനോജിന് തിരികെ നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) കൊല്ലം ജില്ലാകളക്ടർ രേഖകളുടെ ആധികാരികത ഉറപ്പു വരുത്തി അപേക്ഷകന് ഭൂമി തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലത എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റാം മനോജ്, S/o രാമചന്ദ്രൻ, നീലാഭവനം, പനപ്പെട്ടി, പോരുവഴി പി.ഒ., ശാസ്താംകോട്ട, കുന്നത്തൂർ, കൊല്ലം - 690520
ജില്ലാ കളക്ടർ, കൊല്ലം.
തഹസിൽദാർ, കുന്നത്തൂർ.
അസിസ്റ്റന്റ് കമ്മീഷണർ (വർക്സ് കോൺട്രാക്ട്) കൊല്ലം.
നിയമ (ഉപദേശ ജി) വകുപ്പ് (OPN-G2/24/2024-LAW)
ധനകാര്യ (വ്യയം -ഡി) വകുപ്പ് (E-2910619/EXP-D3/92/2024-FIN)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Misha C P
Date: 05-06-2025 10:40:00
സെക്ഷൻ ഓഫീസർ